ആഫീസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഒഴിവുള്ള മറ്റ് തസ്തികകളായ സ്റ്റാഫ് നഴ്സ്, ഹെഡ് നഴ്സ്, ഫാർമസിസ്റ്റ്, ഇ.സി.ജി ടെക്നീഷ്യൻ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഡ്രൈവർ, നഴ്സിംഗ് അസിസ്റ്റന്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, പ്ലംബർ, കുക്ക്, പാർട്ട് ടൈം സ്വീപ്പർ, ഇലക്ട്രീഷ്യൻ എന്നിവയിൽ പ്രൊമോഷൻ മുഖേന നികത്തേണ്ടവ അപ്രകാരവും പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനംവഴി നികത്തേണ്ടവ അത്തരം നിയമനം വഴി നികത്തുന്നതിനും സത്വരനടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന താൽക്കാലിക/കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ട്

54 (6759) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ട് അവധിയിൽ പ്രവേശിച്ചിട്ട് എത്ര നാളായി ;

(ബി) താലൂക്ക് ആശുപത്രി പൂർണ്ണസമയ സൂപ്രണ്ടിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആശുപത്രിയിൽ ഏതെല്ലാം തസ്തികകളിലെ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട് ; ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ട് 12.05.2014 മുതൽ 13-6-2014 വരെ ആർജ്ജിത അവധിയിലായിരുന്നു. 16-6-2014-ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

(ബി) നിലവിൽ താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ടിന്റെ സേവനം ലഭ്യമായിട്ടുണ്ട്.

(സി) ഡോക്ടർമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

കൺസൾട്ടന്റ് (മെഡിസിൻ) - 1

ജൂനിയർ കൺസൾട്ടന്റ് (സർജറി) - 1

ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ 2 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly